## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2612 17.06.2019-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ അർഹത

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട മാതാവിന്റെയും ഇതരസംസ്ഥാനത്തെ പട്ടികജാതിയിൽ ഉൾപ്പെട്ട പിതാവിന്റെയും എന്നാൽ വർഷങ്ങളായി മാതാവിനൊപ്പം കേരളത്തിൽ താമസിച്ചുവരുന്നതുമായ വിദ്യാർത്ഥിക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 1950-ന് ശേഷം കേരളത്തിൽ സ്ഥിരതാമസമാക്കിയ ഇതര സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിയ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് കേരളത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ സമുദായത്തിന്റെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് 12.02.1986-ലെ സ.ഉ(കൈ)നം.10/86/ പജ.പവ.വി.വ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട മാതാവിനോടൊപ്പം വർഷങ്ങളായി കേരളത്തിൽ താമസിച്ചുവരുന്ന കുട്ടിയുടെ സമുദായം നിർണ്ണയിക്കുന്നത് 20.11.2008-ലെ സ.ഉ(കൈ) നം.109/08/ പജ.പവ.വി.വ പ്രകാരമാണ്. കുട്ടി അനുഭവിക്കുന്ന സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, ജീവിത സാഹചര്യം, മാതാവിന്റെ സമുദായാംഗങ്ങൾ ടിയാളെ മേൽ സമുദായാംഗമായി അംഗീകരിക്കുന്നുണ്ടോ എന്നിവ കൂടി കണക്കിലെടുത്താണ് ആനുകൂല്യങ്ങൾക്കുള്ള അർഹത നിർണ്ണയിക്കുന്നത്. |
| (ബി) | ടി യാളുടെ എസ്.എസ്.എൽ.സി. ബുക്കിൽ മാതാവിന്റെ ജാതി ഉൾപ്പെടുത്തുന്നതിനും ആയത് സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനുമുള്ള നടപടിക്രമം വിശദമാക്കാമോ? | (ബി) | സ്കൂൾ സർട്ടിഫിക്കറ്റിൽ തന്റെ ജാതി തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഒരാൾക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം എസ്.എസ്.എൽ.സി |

| | | | |
|---|---|---|---|
| | | | ബുക്ക് നമ്പർ, രജിസ്റ്റർ നമ്പർ എന്നിവ ഉൾപ്പെടുത്തിയതും നരവംശശാസ്ത്രപരമായ അന്വേഷണം ആവശ്യമില്ലെന്ന് രേഖപ്പെടുത്തിയതും ശരിയായ ജാതി രേഖപ്പെടുത്തിയതുമായ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസീൽദാരിൽ നിന്നും വാങ്ങി നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസോടുകൂടി അനുബന്ധ രേഖകൾ സഹിതം പ്രിൻറിംഗ് ഡയറക്ടർക്ക് നൽകിയാൽ സർക്കാർ ഗസറ്റിൽ പ്രസ്തുത പരസ്യം പ്രസിദ്ധീകരി ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**